# സദ്വർത്തമാന കഥാപുസ്തകം

## അഞ്ച്



ഇതെന്റെ സദ്വർത്തമാന കഥാപുസ്തകം അഞ്ച്

എന്റെ പേര്

---

അഞ്ചാമത്തെ സദ്വർത്തമാന കഥാപുസ്തകം

എനിക്ക് വായിക്കുവാൻ സാധിക്കും

സൃഷ്ടാവാം ദൈവത്തിന്റെ വിശുദ്ധ പുസ്തകത്തിൽ നിന്നുള്ളതാണ് ഈ കഥകൾ.

ഇതിലുള്ള എല്ലാ ചിത്രങ്ങളും വരച്ചത് ഭാരതത്തിലെ ഗോത്ര വർഗ്ഗത്തിലുള്ള കുട്ടികളാണ്. സദ്വർത്തമാന കഥാപുസ്തകം അഞ്ച്. പകർപ്പവകാശം 2013. ഭാരതത്തിൽ അച്ചടിച്ചത്. അന്വേഷണങ്ങൾ അയക്കേണ്ട വിലാസം:
WBTC India, P.O. Box 8478, Bangalore 560084. Email: info@wbtcindia.com



സൃഷ്ടാവാം ദൈവം ഇവിടെയുണ്ട്!..........2-19

ഞാൻ കാണുന്നു....................................20-29

സമാധാനം നൽകുന്നവൻ......................30-36

# സ്രഷ്ടാവാം ദൈവം ഇവിടെയുണ്ട്!

സ്രഷ്ടാവാം ദൈവം പറയുന്നതു
ഞാൻ കേൾക്കുന്നു, ‘ഞാൻ നിന്നെ
എന്നേയ്ക്കും, എന്നുമെന്നേയ്ക്കും
വീണ്ടെടുക്കും.’

ഒരു ചെറുപ്പക്കാരിയായ സ്ത്രീയെ
ഞാൻ കാണുന്നു.

അവളുടെ പേര് മേരി.







സ്രഷ്ടാവാം ദൈവത്തിന്റെ നല്ല
ആത്മാവ് മേരിയോടു പറയുന്നതു
ഞാൻ കേൾക്കുന്നു,

‘നിനക്ക് ഒരു പുത്രനുണ്ടാകും.
അവന്റെ പേര് യേശു
എന്നായിരിക്കും.

യേശു സ്രഷ്ടാവാം ദൈവത്തിന്റെ
ആത്മാവിൽ നിന്നാകുന്നു.


യേശു നിന്നെ എന്നേയ്ക്കും,
എന്നുമെന്നേയ്ക്കും രക്ഷിക്കും.’

ഒരു ചെറുപ്പക്കാരനെ ഞാൻ കാണുന്നു.

അവന്റെ പേര് യോസേഫ്.

യോസേഫിന്റെ പിതാക്കന്മാർ ദാവീദു
രാജാവിന്റെ കുലത്തിൽപ്പെട്ടതാണ്.

ദാവീദു രാജാവ് അബ്രഹാമിന്റെ
കുലത്തിൽപ്പെട്ടതാണ്.







സൃഷ്ടാവാം ദൈവം ഒരു നല്ല
ആത്മാവിനോടു പറയുന്നതു
ഞാൻ കേൾക്കുന്നു, 'മേരിയെ
തന്റെ ഭാര്യയാക്കിക്കൊള്ളുവാൻ
യോസേഫിനോടു ചെന്നു പറയുക.'

മേരിയ്ക്ക് ഒരു പുത്രനുണ്ടാകും.
അവന്റെ പേര് യേശു
എന്നായിരിക്കും.

യേശു സൃഷ്ടാവാം ദൈവത്തിന്റെ
ആത്മാവിൽ നിന്നാണ്.

യേശു നിന്നെ എന്നേയ്ക്കും,
എന്നുമെന്നേയ്ക്കും രക്ഷിക്കും.'

സ്രഷ്ടാവാം ദൈവം വരുന്നു...







സമയം കടന്നുപോയി.

സ്രഷ്ടാവാം ദൈവം രാത്രിയിലെ ആകാശത്തിൽ ഒരു പുതിയ നക്ഷത്രത്തെ സൃഷ്ടിക്കുന്നതു ഞാൻ കാണുന്നു.


ആ പുതിയ നക്ഷത്രം പ്രകാശിക്കുന്നു...പ്രകാശിക്കുന്നു... പ്രകാശിക്കുന്നു.

പണ്ഡിതന്മാർ രാത്രയിൽ, മേലെ
രാത്രിയിലെ ആകാശത്തിലേക്കു
നോക്കുന്നതു...നോക്കുന്നതു...
നോക്കുന്നതു... ഞാൻ കാണുന്നു.

ആ പുതിയ നക്ഷത്രം
ചൂണ്ടിക്കാണിക്കുന്നു...
ചൂണ്ടിക്കാണിക്കുന്നു...
ചൂണ്ടിക്കാണിക്കുന്നു.







പണ്ഡിതന്മാർ ആ പുതിയ
നക്ഷത്രത്തെ ഒരു ചെറിയ
പട്ടണത്തിലെ, ഒരു ചെറിയ
പാതയിലൂടെ, ഒരു ചെറിയ
കുടിലിലേക്ക് പിന്തുടർന്ന്
ചെല്ലുന്നതു ഞാൻ കാണുന്നു.

യോസേഫിനേയും അവന്റെ ഭാര്യ
മേരിയേയും ശിശുവായ യേശു എന്ന
ബാലനേയും ഞാൻ കാണുന്നു.

സൃഷ്ടാവാം ദൈവം
പറയുന്നതു ഞാൻ കേൾക്കുന്നു,
'ശിശുവായ യേശു എന്ന
ബാലൻ നിന്നെ എന്നേയ്ക്കും,
എന്നുമെന്നേയ്ക്കും രക്ഷിക്കും.'








പണ്ഡിതന്മാർ ശിശുവായ
യേശു എന്ന ബാലനു പാടുന്നതു
ഞാൻ കാണുന്നു.

സൃഷ്ടാവാം ദൈവം ശിശുവായ
ഒരു ബാലനായി നിന്നെ
എന്നേയ്ക്കും, എന്നുമെന്നേയ്ക്കും
രക്ഷിക്കാൻ വന്നിരിക്കുന്നു.

സൃഷ്ടാവാം ദൈവം ഇവിടെയുണ്ട്!



അതേ രാത്രയിൽ...

ആട്ടിടയന്മാരെ ഞാൻ കാണുന്നു.
ചെമ്മരിയാടുകളെ ഞാൻ കാണുന്നു.







സൃഷ്ടാവാം ദൈവം ഒരു നല്ല
ആത്മാവിനോടു പറയുന്നതു
ഞാൻ കേൾക്കുന്നു,

‘ആട്ടിടയന്മാരോടു പോയി
പറയുക, ഭയപ്പെടേണ്ടാ,
ഞാൻ സദ്വർത്തമാനം
കൊണ്ടുവന്നിരക്കുന്നു.നിന്നെ
എന്നേയ്ക്കും, എന്നുമെന്നേയ്ക്കും
രക്ഷിക്കാൻ യേശു ഇവിടെയുണ്ട്.’

ഒരു വലിയ, വലിയ, വലിയ,
ശോഭയേറിയ പ്രകാശം
ഞാൻ കാണുന്നു.

ആ വലിയ, വലിയ, വലിയ,
ശോഭയേറിയ പ്രകാശം നല്ല
ആത്മാവെന്നു ഞാൻ കാണുന്നു.







നല്ല ആത്മാവ് ആട്ടിടയന്മാരോടു
പറയുന്നത് ഞാൻ കേൾക്കുന്നു,

'ഭയപ്പെടേണ്ടാ, ഞാൻ
സദ്വർത്തമാനം അറിയിക്കുന്നു.

നിന്നെ എന്നേയ്ക്കും,
എന്നുമെന്നേയ്ക്കും രക്ഷിക്കാൻ
യേശു ഇവിടെയുണ്ട്.'

ഒന്ന്...രണ്ട്...മൂന്നു...നാല്...
അഞ്ച്...ആറ്...ഏഴ്...

അനേകം, അനേകം,
അനേകം, നല്ല ആത്മാക്കൾ
സൃഷ്ടാവാം ദൈവത്തിനു
പാടുന്നതു ഞാൻ കാണുന്നു.







അനേകം, അനേകം, അനേകം
നല്ല ആത്മാക്കൾ പറയുന്നതു
ഞാൻ കേൾക്കുന്നു,

‘സൃഷ്ടാവാം ദൈവത്തിനു പാടുക.

യേശുവിനു പാടുന്ന
എല്ലാവർക്കും സമാധാനം.’

അനേകം, അനേകം, അനേകം
നല്ല ആത്മാക്കൾ ആകാശത്തിൽ,
ഉയരത്തിലേക്ക്...ഉയരത്തിലേക്ക്...
ഉയരത്തിലേക്ക്...പോകുന്നത്
ഞാൻ കാണുന്നു.

ആട്ടിടയന്മാർ യേശുവിനു
പാടുന്നതു ഞാൻ കാണുന്നു.







സൃഷ്ടാവാം ദൈവം ശിശുവായ ഒരു
ബാലനായി നിന്നെ എന്നേയ്ക്കും,
എന്നുമെന്നേയ്ക്കും രക്ഷിക്കുവാൻ
വന്നിരിക്കുന്നു.

സൃഷ്ടാവാം ദൈവം ഇവിടെയുണ്ട്!

# ഞാൻ കാണുന്നു

വളരെ വർഷങ്ങൾ കഴിഞ്ഞു.
ശിശുവായിരുന്ന യേശു ഇപ്പോൾ
ഒരു പുരുഷനായി.

ഇന്ന് ചന്ത ദിവസമാണ്.

അനേക ജനങ്ങളെ
പട്ടണത്തിൽ ഞാൻ കാണുന്നു.

ഒരു മനുഷ്യനെ ഞാൻ കാണുന്നു.

വൻ അന്ധനാണ്.







യേശുവിന്റെ ശിഷ്യന്മാർ
പറയുന്നതു ഞാൻ കേൾക്കുന്നു,

‘ഈ മനുഷ്യൻ എന്തെങ്കിലും
തെറ്റു ചെയ്തിട്ടാണോ
അന്ധനായി ജനിച്ചത്?’

യേശു തന്റെ ശിഷ്യന്മാരോടു
പറയുന്നതു ഞാൻ കേൾക്കുന്നു,

'അല്ല, എന്തെങ്കിലും തെറ്റു
ചെയ്തതുകൊണ്ടല്ല ഈ
മനുഷ്യൻ അന്ധനായി ജനിച്ചത്.

സൃഷ്ടാവാം ദൈവത്തിന്റെ
ശക്തി നിങ്ങൾ
കാണേണ്ടതിനാണ് ഈ
മനുഷ്യൻ അന്ധനായി ജനിച്ചത്.

നിങ്ങളെ രക്ഷിക്കുന്ന
യേശുവാണ് ഞാൻ.'







യേശു അന്ധനായ മനുഷ്യനെ
തൊടുന്നത് ഞാൻ കാണുന്നു.

അന്ധനായ മനുഷ്യന് ഇപ്പോൾ
കാണുവാൻ കഴിയും.

യേശു പറയുന്നതു ഞാൻ കേൾക്കുന്നു,

'ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു.'

ഇപ്പോൾ കാഴ്ച പ്രാപിച്ച അന്ധനായ
മനുഷ്യനോട് ഒരു മത നേതാവ്
പറയുന്നതു ഞാൻ കേൾക്കുന്നു,

'നിന്നെ തൊട്ട ആ മനുഷ്യൻ
ആരാണെന്നാണു നീ പറയുന്നത്?'








ഇപ്പോൾ കാഴ്ച പ്രാപിച്ച
അന്ധനായ ആ മനുഷ്യൻ
പറയുന്നതു ഞാൻ കേൾക്കുന്നു,

'എന്നെ തൊട്ട ആ മനുഷ്യൻ
യേശുവാണ്.'

നിന്നെ എന്നേയ്ക്കും,
എന്നുമെന്നേയ്ക്കും
രക്ഷിക്കാനാണ് യേശു വന്നത്.'

ഇപ്പോൾ കാഴ്ച പ്രാപിച്ച
അന്ധനായ ആ മനുഷ്യനെ
മതനേതാവ് പട്ടണത്തിന്
പുറത്താക്കുന്നത് ഞാൻ കാണുന്നു.







ഇപ്പോൾ കാഴ്ച പ്രാപിച്ച
അന്ധനായ ആ മനുഷ്യനോട് യേശു
ചോദിക്കുന്നത് ഞാൻ കേൾക്കുന്നു,

‘ഞാൻ ആരാണെന്നാണ് നീ
പറയുന്നത്?’

ഇപ്പോൾ കാഴ്ച പ്രാപിച്ച
അന്ധനായിരുന്ന ആ മനുഷ്യൻ
യേശുവിനോട് പറയുന്നത് ഞാൻ
കേൾക്കുന്നു,

അങ്ങ് എന്നെ എന്നേയ്ക്കും,
എന്നുമെന്നേയ്ക്കും
രക്ഷിക്കാനാണ് വന്നത്.

അങ്ങ് ലോകത്തിന്റെ
വെളിച്ചമാകുന്നു.’







യേശു ലോകത്തിന്റെ
വെളിച്ചമാകുന്നു.

ഇരുട്ടിനെ പുറത്താക്കുവാനുള്ള
ശക്തി യേശുവിനുമാത്രമേയുള്ളൂ.

സൃഷ്ടാവാം ദൈവം ഇവിടെയുണ്ട്!

# സമാധാനം നൽകുന്നവൻ

മറ്റൊരു ദിവസം, മറ്റൊരു സമയം,
മറ്റൊരു സ്ഥ ലം.

ഞാൻ ഒരു മനുഷ്യനെ കാണുന്നു.
അവന്റെ പേര് ശീമോൻ.







ശീമോൻ യേശുവിനോടു
പറയുന്നതു ഞാൻ കേൾക്കുന്നു,

'ദയവു ചെയ്ത് എന്റെ
വീട്ടിലേക്കു വരുക.'

ശിമോനേയും യേശുവിനേയും
ശിമോന്റെ വീട്ടിൽ ഞാൻ
കാണുന്നു.


ശിമോന്റെ വീട്ടിൽ ഒരു
സ്ത്രീയെക്കൂടി ഞാൻ കാണുന്നു.

ഈ സ്ത്രീ വളരെ തെറ്റുകൾ
ചെയ്തിട്ടുണ്ട്.

ഈ സ്ത്രീ യേശുവിന്റെ പാദത്തിൽ
വീഴുന്നത് ഞാൻ കാണുന്നു.






ഈ സ്ത്രീ കരയുന്നതു
ഞാൻ കാണുന്നു.

അവളുടെ കണ്ണുനീർ
യേശുവിന്റെ പാദത്തിൽ
വിഴുന്നതു ഞാൻ കാണുന്നു.

ഈ സ്ത്രീ അവളുടെ തലമുടികൊണ്ട്
യേശുവിന്റെ പാദം തുടയ്ക്കുന്നതു
ഞാൻ കാണുന്നു.







യേശു ഈ സ്ത്രീയോടു
പറയുന്നതു ഞാൻ കേൾക്കുന്നു,

‘നീ ചെയ്തിട്ടുള്ള എല്ലാ തെറ്റുകളും
ഞാൻ നിന്നോടു ക്ഷമിക്കുന്നു.

സമാധാനത്തോടെ പോകുക.’

യേശുവിനു മാത്രമേ സമാധാനം
തരുവാൻ കഴിയുകയുള്ളൂ.

ഇരുട്ടിനെ പുറത്താക്കുവാനുള്ള ശക്തി
യേശുവിനുമാത്രമേയുള്ളൂ.

സൃഷ്ടാവാം ദൈവം ഇവിടെയുണ്ട്!

